# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരുതോങ്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 7/191/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 02/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരുതോങ്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 7/191/2023 തീയ്യതി: 02/03/2023

## കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 31-01-2023 | 08-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 31-01-2023 | 08-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ.രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനൂപ്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സജിത് കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുജിത് കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മനോജ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. ദിവ്യ എ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.മഹേഷ് കെ.കെ | ഡി.എഫ്.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി നീതു വർഗ്ഗീസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി. ജലജ എം ജോർജ്ജ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 15-11-2021 | 31-03-2022 |
| ഡോ.വിദ്യാലക്ഷ്മി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ സാലിൻ | ഹെഡ്മാസ്റ്റര് | 21-12-2021 | 27-01-2022 |
| ശ്രീ. കെ കെ അശോകൻ | ഹെഡ്മാസ്റ്റര് | 28-01-2022 | 31-03-2022 |
| ശ്രീ. ജനപതി ടി എസ് | അസി.എഞ്ചിനീയർ | 01-04-2021 | 06-06-2021 |
| ശ്രീ. ഹജിപ്രസാദ് | അസി.എഞ്ചിനീയർ | 16-06-2021 | 28-11-2021 |
| ശ്രീമതി. കൃഷ്ണലേഖ | അസി.എഞ്ചിനീയർ (എംപ്ലോയ്മെന്റ്) | 29-11-2021 | 31-03-2022 |
| ശ്രീ. സുഗേഷ് കുമാർ | മെഡിക്കൽ ഓഫീസർ, (ആയുർവിവേദം) | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽ കുമാർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ.സജീവൻ ടി.പി | അസി.സെക്രട്ടറി | 01-04-2021 | 31-05-2021 |

| | | | |
|---|---|---|---|
| ശ്രീ.സന്തോഷ് കുമാർ ജി | അസി.സെക്രട്ടറി | 05-08-2021 | 31-03-2022 |
| ശ്രീമതി.രമ്യാ രാജൻ വി | കൃഷി ഓഫീസർ | 01-04-2021 | 10-12-2021 |
| ശ്രീമതി. ആർദ്ര എസ് രഘുനാഥ് | കൃഷി ഓഫീസർ | 11-12-2021 | 05-01-2022 |
| ശ്രീമതി ആതിര കെ കെ | കൃഷി ഓഫീസർ | 06-01-2022 | 31-03-2022 |
| ഡോ. ഇ വി ആനന്ദൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 08-08-2021 |
| ഡോ.അനിഖ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 09-08-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | സ്ഥാപനത്തിന്റെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ | 1-11 |
| 12 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 13 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു | 1-13 |
| 14 | 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല | 1-14 |
| 15 | റോഡുകൾ എണ്ണം, തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം | 1-15 |
| 16 | അങ്കണവാടി പോഷകാഹാരം (എസ്.സി, എസ്.ടി) പദ്ധതി ആസൂത്രണത്തിൽ വീഴ്ച | 1-16 |
| 17 | സ്മാർട്ട് ക്ലാസ് റൂം ഫർണ്ണീച്ചർ വാങ്ങൽ - റബ്കോയ്ക്ക് കടത്തുകൂലിയിനത്തിൽ തുക നൽകി | 1-17 |
| 18 | ക്രാഡിൽ അങ്കണവാടികൾ സ്മാർട്ടാക്കൽ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-18 |
| 19 | എസ്.എസ്.എ പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിച്ചില്ല. | 1-19 |
| 20 | തുല്യതാ പരീക്ഷയ്ക്ക് ഫീസ് - വിശദാംശങ്ങൾ ലഭ്യമല്ല | 1-20 |
| 21 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1-21 |
| 22 | പി.എം.എ.വൈ ലൈഫ് ജനറൽ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമല്ല | 1-22 |

| | | |
|---|---|---|
| 23 | വീട്ട് വളപ്പിലെ കുളത്തിൽ മൽസ്യകൃഷി പദ്ധതി - രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ | 1-23 |
| 24 | മാലിന്യ നിർമ്മാർജന  പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-24 |
| 25 | പൊതുമരാമത്തു മേഖലയിൽ സ്പിൽ ഓവർ പ്രവൃത്തികൾ കൂടുന്നു | 1-25 |
| 26 | റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെ റോഡ് അറ്റകുറ്റ പ്രവർത്തികൾ നടത്തുന്നു | 1-26 |
| 27 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 16.03.2022 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 4944486 |
| വരവ് | 254730000 |
| ആകെ | 259674486 |
| ചെലവ് | 254440556 |
| നീക്കിയിരിപ്പ് | 5233930 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.07.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15779249 |
| ഓഡിറ്റ് വർഷത്തെ വരവ് | 75062276 |
| ആകെ | 90841525 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79194793 |
| നീക്കിയിരിപ്പ് | 11646732 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 17709592 | 17709592 | 17709592 | 0 |

| | | | | | |
|---|---|---|---|---|---|
| (എ. സി. ആർ പ്രകാരം) | | | | | |
| വികസന ഫണ്ട് – എസ്.സി.പി (എ. സി. ആർ പ്രകാരം) | 0 | 1774675 | 1774675 | 1774675 | 0 |
| വികസന ഫണ്ട് – ടി.എസ്.പി (എ. സി. ആർ പ്രകാരം) | 0 | 367131 | 367131 | 36500 | 2131 |
| മെയിന്റനൻസ്, റോഡ് (എ. സി. ആർ പ്രകാരം) | 0 | 30538500 | 30538500 | 11681000 | 18857500 |
| മെയിന്റനൻസ്, നോൺ-റോഡ് (എ. സി. ആർ പ്രകാരം) | 0 | 5361412 | 5361412 | 4192129 | 1171283 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് (ട്രഷറി മുഖേന) | 0 | 434504 | 434504 | 434504 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ( PFMS മുഖേന) | 0 | 3698000 | 3698000 | 3698000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 1807567 | 1807567 | 1147658 | 659909 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് | 0 | 5547000 | 5547000 | 3073569 | 2473431 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (PFMS മുഖേന) | | | | | | |

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റൻസ് ഫണ്ട് (റോഡ്), മെയിന്റൻസ് ഫണ്ട് ( റോഡ്) , മെയിന്റൻസ് ഫണ്ട് (നോൺ റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 17709592 | 22010408 |
| വികസനഫണ്ട് (എസ്.സി.പി) | 1774672 | 1835325 |
| വികസനഫണ്ട് (ടി.എസ്.പി) | 367131 | 365000 |
| മെയിന്റൻസ് ഫണ്ട് (നോൺ റോഡ്) | 5363412 | 5709099 |
| മെയിന്റൻസ് ഫണ്ട് ( റോഡ്) | 30538500 | 14122219 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), മെയിന്റൻസ് ഫണ്ട് (റോഡ്, നോൺ റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 100748452 | 139 | 58111168 | 22 | 24 | 75% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 214699 | 2740309 | 2955008 | 2933642 | 21366 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 124228919 | 124228919 | 124228919 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 8844800 | 564 |
| വിധവാ പെൻഷൻ | 13615400 | 877 |
| വാർദ്ധക്യകാല പെൻഷൻ | 23885000 | 1664 |
| വികലാംഗ പെൻഷൻ | 3584800 | 230 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 176000 | 12 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,936/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. Closing Stock - Stores എന്ന ശീർഷകത്തിൽ 7,017/- രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് ഇനത്തിൽ വിവിധയിനങ്ങളിലായി 9,69,743/- രൂപ നീക്കിയിരിപ്പുണ്ട്. വിവിധ ഇനങ്ങളിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

4. അഡ്വാൻസ് രജിസ്റ്റർ, ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-18 എന്നിവ പ്രകാരം അഡ്വാൻസായി നൽകിയ തുകകൾ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല.

5. ഗ്രാമപഞ്ചായത്തിൽ E-Tender മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ ഉള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

7. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക് പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ 1,00,000/- രൂപ നീക്കിയിരിപ്പുണ്ട്. വാർഷിക കണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ( TSB JointVenture) 1,62,177/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

8. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം വി.പി.എഫ്.എ-3-6 അക്കൗണ്ടിൽ 5,38,624/- രൂപ നീക്കിയിരിപ്പുണ്ട്. ഇടപാടുകളില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

9. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, റേഷ്യോസ്, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

10. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ 13,26,770/- നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ടെങ്കിലും പ്രത്യേക ബാങ്ക് അക്കൗണ്ട് അല്ലാത്തതിനാൽ എ.സി.ആർ സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച്, രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണം

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട് എന്നു കാണുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ക്യാഷ്ബുക്ക്, ഡേ ബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക് – ട്രഷറി അക്കൗണ്ടുകളുടെ എല്ലാ മാസങ്ങളിലേയും റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രിന്റെടുത്ത് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ നികുതികൾ പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

പൊതുമരാമത്തു മേഖലയിൽ പദ്ധതിവർഷം 64 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 32 എണ്ണം സ്പിൽ ഓവർ പ്രവർത്തികളാണ്. അതായത് അംഗീകാരം ലഭിച്ചതിൽ പകുതിയും സ്പിൽ ഓവർ ഇനത്തിലുള്ളതാണ്. നടപടി ക്രമങ്ങൾ പാലിച്ച് കൃത്യ സമയത്ത് പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ചയാണ് ഇതിന് കാരണമാകുന്നത്.

റോഡുകളുടെ അറ്റകുറ്റ പ്രവൃത്തികളുടെ കാര്യത്തിൽ റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെയാണ് പദ്ധതി വർഷം പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവർത്തി നടത്തുന്നതിന് വേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

1-11 സ്ഥാപനത്തിന്റെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം ലിക്വഡിറ്റിയുള്ള ബാധ്യതകൾ (2,37,01,060) ലിക്വഡിറ്റിയുള്ള ആസ്തികളേക്കാൾ (1,35,31,586) കൂടുതലാണ്.

ഓഡിറ്റ് വർഷത്തെ ലിക്വിഡിറ്റി കൂടിയ ആസ്തി , ബാധ്യതാ വിവരങ്ങൾ

| 2021-22 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. | തുക |
| B2 | 100 | B12 | 282995 |
| B4 | 8557789 | B14 | 7017 |
| B5 | 11824000 | B15 | 111400 |
| B7 | 969743 | B17 | 11646732 |
| B9 | 2349428 | B18 | 1483442 |
| ആകെ | 23701060 | | 13531586 |

2021-22 ൽ ഡി. പി. സി അംഗീകിച്ച ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിയിൽ 57,77,055/- ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും 41,35,259/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഓഡിറ്റ് വർഷത്തെ പദ്ധതികൾക്ക് മാത്രം വകയിരുത്തി ചെലവഴിച്ച തുകയാണ്. എന്നാൽ ഇത്രയും തുക വകയിരുത്താനുള്ള ശേഷി സ്ഥാപനത്തിന്റെ തനത് ഫണ്ടിനില്ല. ലിക്വിഡിറ്റിയുള്ള ബാധ്യതകൾ ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ കൂടുതലായതിനാൽ സ്ഥാപനത്തിന്റെ ഫണ്ട് ബാലൻസ് നെഗറ്റീവിലാണ്. അതുകൊണ്ട് തന്നെ കെട്ടിട നിർമ്മാണ ക്രമവൽകരണം, കുടിശ്ശിക നികുതി പിരിവ്, കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, തൊഴിൽ നികുതി യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഫീൽഡ് തലത്തിൽ പരിശോധിച്ച് നികുതി / ഫീസ് പിരിവ് ഊർജ്ജിതമാക്കി തനത്

വരുമാനം വർദ്ധിപ്പിക്കാൻ ഭരണസമിതിയും ഉദ്യോഗസ്ഥസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി - അപാകതകൾ

(I) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്ത് വരുമാനം ആർജ്ജിച്ചിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2021-22 സാമ്പത്തിക വർഷം മരുതോങ്കര ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. ശങ്കരൻ വി. പി, അടുക്കത്ത്, മരുതോങ്കര

2) ശ്രീ. അഷർ, കോവുമ്മരം, ഊരത്ത്, കുറ്റ്യാടി

3) ശ്രീ. രവീന്ദ്രൻ, കോട്ടോത്തുമ്മൽ, പശുക്കടവ്

4) ശ്രീ. ജോളി തോമസ്, മാപള്ളി കുന്നമ്മൽ, അയ്യൻകുന്ന്, കണ്ണൂർ

5) ശ്രീ. ഇ. കെ. സുമിത്രൻ, എടക്കോട്ടുമ്മൽ, അടുക്കത്ത്, കുറ്റ്യാടി

6) ശ്രീ. വിപിൻലാൽ ചന്ദ്രൻ, കൊളവൻകോട്ട, മരുതോങ്കര

7) ശ്രീമതി. അനഘമോൾ കെ. കെ, കല്ലൂക്കര, കുണ്ടുതോട്

8) ശ്രീ. ജോസഫ് വി. ജെ, വരിക്കമാമൂട്ടിൽ, പശുക്കടവ്

9) ശ്രീ. വിൽസൻ തോമസ്, പുല്ലാട്ട്, ചാപ്പൻതോട്ടം, കാവിലുംപാറ

10) ശ്രീ. സുരേഷ് കെ. കെ, കോവുമ്മൽ, വന്നാത്തിച്ചിറ, മരുതോങ്കര

11) ശ്രീ. സണ്ണി എം. എം, മാണിക്കത്താഴെ, ഗ്രേസ് വില്ല, മുകേരി

12) ശ്രീ. റോയ് തോമസ്, പുല്ലാട്ട്തടത്തിൽ, പശുക്കടവ്

13) ശ്രീ. ആനന്ദൻ കെ, കനിയാൻപുറത്ത്, കക്കോടി

14) ശ്രീ. മനോജൻ എം. കെ, മരുതേരിമ്മൽ, പശുക്കടവ്

Ii) അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചതു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. മരുതോങ്കര ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) അക്ഷയ സെന്റർ, അടുക്കത്ത്

2) മലബാർ സിമന്റ്

3) മുണ്ടക്കുറ്റി ഹോളോബ്രിക്സ്

4) മെഡിപ്ലസ് ഹെൽത്ത് കെയർ

5) ഇ പ്ലസ് ട്രേഡിംഗ്

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 (ഖണ്ഡിക - 2-2), 2019-20 (ഖണ്ഡിക - 1-12), 2020-21 (ഖണ്ഡിക – 1-8) വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല എന്ന് പരാമർശിച്ചിട്ടുള്ളതാണ്.

സഞ്ചയ അസസ്സ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1,485 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2021-22 വർഷത്തിൽ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 153 ആണ്. അതായത് 1,332 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് കാണാം. ഓഡിറ്റ് വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 266 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 331 ആണ്. അതായത് അവശേഷിക്കുന്ന 1,001 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/21-22, തീയതി - 08.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 266 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര്, വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 7<br>കുമാരൻ,<br>കോവുമ്മൽ | സ്റ്റേഷനറി | 3/402,<br>403 | 1)രാജൻ നമ്പ്യാർ,<br>പൈക്കാട്ടുമ്മൽ<br>2)ശോഭ,<br>കച്ചേരിയിൽ | പാർപ്പിടാവശ്യം |
| 16<br>രാജു ജോസഫ്,<br>പൊൻതൊട്ടിയിൽ | ചോക്ലേറ്റ് നിർമ്മാണ യൂണിറ്റ് | 9/281 | ത്രേസ്യാമ്മ,<br>പൊന്തൊടിയിൽ | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | | | | |
| 21<br>ബാലകൃഷ്ണൻ, വി.എം.ബി ട്രേഡേഴ്സ് | കെട്ടിട നിർമ്മാണ സാമഗ്രികൾ | 11/393 | മാണി, പറമ്പത്ത് | പാർപ്പിടാവശ്യം |
| 30<br>നാണു, പറമ്പത്ത് | ഗ്രോസറി ഷോപ്പ് | 6/22 | രാജു, കുഞ്ഞിപറമ്പത്ത് | പാർപ്പിടാവശ്യം |
| 34<br>ഗോപാലൻ, പറമ്പത്ത് മീത്തൽ | ഹോട്ടൽ | 4/442 | ബാലൻ, കുനിയിൽ | പാർപ്പിടാവശ്യം |
| 39<br>രമണൻ സി. കെ | ടെക്സ്റ്റയിൽസ് | 11/136 | നോബിൻ ആന്റണി, ജിൻസി വാതല്ലൂർകാലായിൽ, മരുതോങ്കര | പാർപ്പിടാവശ്യം |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പല ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

1-14 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203, 2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത

ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം ഫോറം 6 പ്രകാരം പരിശോധിച്ചതിൽ താഴെപറയുന്ന 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

1)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | നിയാസ്, തെയ്യമ്പാടി, അടുക്കത്ത് |
| റീ. സ നമ്പർ | 35/22, 39/69 |
| വില്ലേജ് | മരുതോങ്കര |
| താലൂക്ക് | വടകര |
| മേഖല | പ്രഥമം |
| പ്ലോട്ട് ഏരിയ | 10.47 ആർസ് |
| അനുവദിച്ച കെട്ടിട നമ്പർ | 14/373 A |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 160.88 $M^2$ (താഴത്തെ നില) + 105.74 $M^2$ (ഒന്നാം നില) = 266.62 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച. മി) | 4 |

2)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | കളരികെട്ടിയ പറമ്പത്ത്, മാവുള്ളക്കണ്ടി, അടുക്കത്ത് |
| റീ. സ നമ്പർ | 34/21 |
| വില്ലേജ് | മരുതോങ്കര |
| താലൂക്ക് | വടകര |
| മേഖല | പ്രഥമം |
| പ്ലോട്ട് ഏരിയ | 19.83 ആർസ് |
| അനുവദിച്ച കെട്ടിട നമ്പർ | 14/367 B |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 172.76 $M^2$ (താഴത്തെ നില) + |

| | |
|---|---|
| | 113.52 $M^2$ (ഒന്നാം നില)<br>= 286.28 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച. മി) | 4 |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12.8)ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. 250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിച്ച് ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-15 റോഡുകൾ എണ്ണം, തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം

മരുതോങ്കര ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 208 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 565 റോഡുകൾ സ്ഥാപനത്തിലുണ്ട്.

| റോഡുകൾ എണ്ണം , തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 166 | 208 |
| അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ | 83 | 89 |
| അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ | 469 | 119 |
| ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ | 13 | - |

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 208 റോഡുകളുടെ പേരുവിവരം മാത്രം രേഖപ്പെടുത്തിയതിനാൽ നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒരു റോഡ് പോലും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു.

ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം.

റോഡ് മാസ്റ്റർ, ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം പരിശോധിച്ച് നികുതി നിർണ്ണയത്തിലെ അപാകതകൾക്കുള്ള സാധ്യത ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 അങ്കണവാടി പോഷകാഹാരം (എസ്.സി, എസ്.ടി) പദ്ധതി ആസൂത്രണത്തിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ എസ്. സി, എസ്. ടി വിഭാഗം കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അങ്കണവാടി പോഷകാഹാര വിതരണം (എസ്. സി)

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. | 70/22 |
| അടങ്കൽ | 100000/- |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 100000/- |
| ബിൽനം. തി. | 658/22/20.7.21 |

2. അങ്കണവാടി പോഷകാഹാര വിതരണം (എസ്. ടി)

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. | 71/22 |
| അടങ്കൽ | 100000/- |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 100000/- |

| | |
|---|---|
| ബിൽനം. തി. | 628/22/20.8.21 |

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി. 29.11.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 5-2-1 ൽ അങ്കണവാടികളിലെ പോഷകാഹാര വിതരണ പദ്ധതിയുടെ ഗുണഭോക്താക്കളായ പട്ടികജാതി, പട്ടികവർഗ്ഗ സമുദായത്തിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ആഹാരത്തിന്റെ ചെലവ് പട്ടികജാതി പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്. അവ പ്രത്യേകമായ പ്രൊജക്ടുകളായി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾ അങ്കണവാടികളിൽ ഹാജരാകുന്നുണ്ട് എന്നത് സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഇല്ലാതെയാണ് ഈ പദ്ധതിക്കായി തുക വകയിരുത്തിയിരിക്കുന്നത്. ശരിയായ കണക്കുകൾ ശേഖരിക്കാതെ ഇത്തരം പദ്ധതികൾക്ക് തുക വകയിരുത്തുന്നത് പട്ടിക ജാതി/ പട്ടിക വർഗ്ഗ ഉപപദ്ധതികളിൽ പരാമർശിച്ചിരിക്കുന്ന മറ്റ് പദ്ധതികൾക്ക് തുക വകയിരുത്തുന്നതിന് തടസ്സമാകാൻ സാധ്യതയുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/21-22/8.2.23) മറുപടി സമർപ്പിച്ചിട്ടില്ല. എസ്. സി, എസ്. ടി കുട്ടികളുടെ എണ്ണത്തിനാനുപാതികമായി ഈ മേഖലയ്ക്ക് വകയിരുത്തിയ തുക വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-17 സ്മാർട്ട് ക്ലാസ് റൂം ഫർണ്ണീച്ചർ വാങ്ങൽ - റബ്കോയ്ക്ക് കടത്തുകൂലിയിനത്തിൽ തുക നൽകി

ഗ്രാമപഞ്ചായത്തിലെ മണ്ണൂർ ജി. എൽ. പി യിലേക്ക് റബ്കോയിൽ നിന്ന് ഫർണ്ണീച്ചർ വാങ്ങി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 223/22 |
| അടങ്കൽ | 1245527/- |
| ഫണ്ട് | M.G (NR) |
| ചെലവ് | 1226628/- |
| ബിൽനം. തി. | 545/22.3.22 |

മണ്ണൂർ ജി. എൽ. പി സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂമിലേക്ക് ആവശ്യമായ ഡസ്ക് ബെഞ്ച്, ഷെൽഫ്, ടേബിൾ, കമ്പ്യൂട്ടർ ടേബിൾ ബുക്ക് ഷെൽഫ് ലഭ്യമാക്കുന്നതിനായാണ് പദ്ധതി നടപ്പാക്കിയത്. ഫർണ്ണീച്ചറുകൾ വാങ്ങി നൽകിയത് റബ്കോയിൽ നിന്നാണ് 26.02.2022 ന് ചേർന്ന പ്രൊക്വയർമെന്റ് കമ്മറ്റി യോഗത്തിൽ സാധനങ്ങൾ റബ്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 15.3.22 ലെ RHW/21-22/464 നമ്പർ ഇൻവോയ്സ് പ്രകാരമാണ് റബ്കോയ്ക്ക് തുക നൽകിയത്. ഇതിൽ കടത്തുകൂലിയിനത്തിൽ 60,701/- രൂപ നൽകിയിട്ടുണ്ട്. സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്ന സന്ദർഭങ്ങളിൽ സാധനങ്ങളുടെ വിലയ്ക്ക് പുറമേ വലിയ തുക കടത്തുകൂലിയായി നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/21-22/8.2.23) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് മതിയായ വിശദീകരണം നൽകേണ്ടതാണ്.

### 1-18 ക്രാഡിൽ അങ്കണവാടികൾ സ്മാർട്ടാക്കൽ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ അങ്കണവാടികളിൽ നിലത്തു വിരിക്കുന്ന സോഫ്റ്റ് മേറ്റുകൾ വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 91/22 |

| | |
|---|---|
| അടങ്കൽ | 250000/- |
| ഫണ്ട് | വികസനം. |
| ചെലവ് | 248242/- |

ആർട്കോയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ടാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. സാധനങ്ങൾ നിർമ്മിച്ചിരിക്കുന്നത് ആർട്ട്കോയുടെ ചെറുകിട വ്യവസായ യൂണിറ്റുകളിലാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, സാധനങ്ങളുടെ പ്രൈസ് ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/21-22/8.2.23) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,48,242/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 എസ്.എസ്.എ പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിച്ചില്ല.

വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 15/22 |
| അടങ്കൽ | 400000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 400000/- |
| ബിൽ നം. തി. | 229/22/19.1.22 |

സ.ഉ (കൈ) നം.11/2018/തസ്വഭവ തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരം പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി വർഷം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/22/8.2.23) മറുപടി നൽകിയിട്ടില്ല. എസ്.എസ്.എ പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ആവശ്യമായ ഇടപെടലുകൾ ഉണ്ടാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 തുല്യതാ പരീക്ഷയ്ക്ക് ഫീസ് - വിശദാംശങ്ങൾ ലഭ്യമല്ല

വിവിധ തുല്യതാ പരീക്ഷകൾ എഴുതുന്ന ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ഫീസ് അടയ്ക്കുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. പത്താം തരം തുല്യതാ പരീക്ഷ

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

| | |
|---|---|
| പ്രോജക്ട് നം. | 39/22 |
| അടങ്കൽ | 135000 |
| ഫണ്ട് | തനത് |
| ചെലവ് | 135000/- |
| ബിൽ നം. തി. | 70/22/30.3.22 |

2. പ്ലസ് വൺ തുല്യതാ പരീക്ഷ

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 17/22 |
| അടങ്കൽ | 25000 |
| ഫണ്ട് | തനത് |
| ചെലവ് | 11000/- |
| ബിൽ നം. തി. | 72/22/30.3.22 |

പത്താം തരം, പ്ലസ് വൺ എന്നീ കോഴ്സുകളിലെ പഠിതാക്കളുടെ കോഴ്സ് ഫീ സാക്ഷരതാ മിഷനിലേക്ക് അടച്ചിട്ടുണ്ട്. പത്താം തരത്തിലെ 24 ഗുണഭോക്താക്കൾക്ക് 1750 രൂപ വീതവും പ്ലസ് വൺ കോഴ്സിന് പഠിക്കുന്ന 5 പേർക്ക് 2200 രൂപ വീതവുമാണ് അടച്ചിട്ടുള്ളത്. കോഴ്സുകളിലെ പഠിതാക്കൾ പരീക്ഷ എഴുതിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 11/22/8.2.23) മറുപടി നൽകിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

1-21 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്ന - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000 രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.7.2021 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും മരുതോങ്കര ഗ്രാമ പഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വാർഷിക വരിസംഖ്യ, കുടിശ്ശിക വരിസംഖ്യ എന്നീ ഇനങ്ങളിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 8,000 രൂപ അടവാക്കിയിട്ടുണ്ട്.

| തുക | ഇനം | വൗച്ചർ നമ്പർ, തീയതി | ചെക്ക്നമ്പർ, തീയതി |
|---|---|---|---|
| 8,000 | 2018-19, 2019-20, 2020-21 വർഷങ്ങളിലെ കുടിശ്ശിക വരിസംഖ്യ, 2021-22 വർഷത്തെ വാർഷിക വരിസംഖ്യ | 22100269, 5.8.2021 | 16064, 2.8.2021 |

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയരക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മരുതോങ്കര ഗ്രാമ പഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയരക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ

മരുതോങ്കര ഗ്രാമ പഞ്ചായത്ത് ഇപ്പോൾ ക്രൂസിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങുകയോ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നമില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000 രൂപ നൽകുന്നതു കൊണ്ട് ഗ്രാമപഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണ സമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2021-22 തീയതി 4.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അഭിപ്രായം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 പി.എം.എ.വൈ ലൈഫ് ജനറൽ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമല്ല

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി മരുതോങ്കര ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ നടപ്പിലാക്കിയ പി.എം.എ.വൈ ലൈഫ് ജനറൽ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിന് താഴെപറയുന്ന തുകകൾ കൈമാറിയിട്ടുണ്ട്.

1)

| | |
|---|---|
| പ്രോജക്ട് | ലൈഫ് - പി.എം.എ.വൈ (ജി)-ജനറൽ |
| പ്രോജക്ട് നമ്പർ | 143/ 21-22 ( സ്പിൽ ഓവർ) |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 2,10,000/- |
| ചെലവ് | 2,10,000/- |
| ബിൽ നമ്പർ | 4/21-22, തീയതി – 23.10.2021 |

മേൽ പദ്ധതി പ്രകാരം 3 പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 23.10.2021 ന് 2,10,000 രൂപ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

2)

| | |
|---|---|
| പ്രോജക്ട് | പി.എം.എ.വൈ (ജി) - ലൈഫ് ജനറൽ |
| പ്രോജക്ട് നമ്പർ | 92/ 21-22 |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 13,30,000/- |
| ചെലവ് | 13,30,000/- |
| ബിൽ നമ്പർ | 5/21-22, തുക – 11,20,000 തീയതി-23.10.2021 |

| | |
|---|---|
| | 16/21-22, തുക – 2,10,000 തീയതി-13.01.2022 |

19 പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 23.10.2021, 13.01.2022 തീയതികളിലായി 13,30,000 രൂപ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

തുകകൾ കൈമാറിയതല്ലാതെ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥനോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ കൈക്കൊണ്ടതായി കാണുന്നില്ല. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ചെലവ് തുക 15,40,000 രൂപ
(210000 + 1330000) തടസ്സത്തിൽ വെക്കുന്നു.

1-23 വീട്ട് വളപ്പിലെ കുളത്തിൽ മൽസ്യകൃഷി പദ്ധതി - രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ

നിർവഹണം : ഫിഷറീസ് സബ് ഇൻസ്പെക്ടർ

പ്രൊജക്ട് നമ്പർ : 112/21-22

ഫണ്ട് : വികസന ഫണ്ട് (ജനറൽ)

അടങ്കൽ : 2,62,400 /-

ചെലവ് : 2,28,300/-

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 271 / 21-22 | 10.02.2022 | 1,30,200 |
| 291 / 21-22 | 21.02.2022 | 32,700 |
| 323 / 21-22 | 05.03.2022 | 65,400 |
| ആകെ | | 2,28,300 |

സ.ഉ(സാധാ)നം. 1009/2020 ത.സ്വ.ഭ.വ, തീ – 29.05.2020 സുഭിക്ഷ കേരളം പദ്ധതി – ഫിഷറീസ് - സബ്സിഡി മാനദണ്ഡങ്ങൾ ഖണ്ഡിക 4.1 പ്രകാരം 80 ച.മീ (രണ്ട് സെന്റ്) വിസ്തീർണ്ണമുള്ള കുളം, 40 സെ. മീ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെ. മീ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം (ആകെ 150 സെ. മീ) കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ, 125 സെ. മീ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിക്കൽ, എന്നീ പ്രവൃത്തികൾ നിർവഹിച്ച് 1,000 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതാണ് വീട്ട് വളപ്പിലെ കുളത്തിൽ മൽസ്യകൃഷി പ്രോജക്ട് (യൂണിറ്റ് ചെലവ് - 123000). പൊതുവിഭാഗത്തിന് യൂണിറ്റ് ചെലവിന്റെ 40% ആണ് പരമാവധി സബ്സിഡി തുക അനുവദിക്കുക.

മേൽ പ്രോജക്ട് പ്രകാരം 7 പേർക്കാണ് സബ്സിഡി തുക നൽകിയിരിക്കുന്നത്. ബിൽ നമ്പർ 291/21-22, തീ-21.02.2022 പ്രകാരം 32,700 രൂപ ശ്രീ. അരുൺ രാജ് എന്നയാൾക്ക് സബ്സിഡി നൽകിയിട്ടുണ്ടെങ്കിലും വടകര മത്സ്യഭവൻ അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുടെ നിശ്ചിത മാതൃകയിലുള്ള അർഹതാ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ശ്രീ. അരുൺ രാജിന്റെ മൽസ്യകൃഷി യൂണിറ്റിന്റെ ചെലവ്, അർഹമായ പരമാവധി സബ്സിഡി തുക, കുളം കുഴിക്കൽ, പോളിത്തീൻ ഷീറ്റ്, മോട്ടർ പമ്പ്, വെഞ്ചുറി പമ്പ്, സംരക്ഷിത വല, മറ്റ് ഉപകരണങ്ങൾ എന്നിവയുടെ ചെലവ് വിശദാംശങ്ങൾ സുഭിക്ഷ കേരളം പദ്ധതി ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമാണെന്നുള്ള അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്. കുളം കുഴിക്കൽ, പോളിത്തീൻ ഷീറ്റ്, മോട്ടർ പമ്പ്, വെഞ്ചുറി പമ്പ്, സംരക്ഷിത വല, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിയതിന്റെ ബില്ലുകളും വൗച്ചറുകളും ഫയലിലില്ല. രേഖകളുടെ

അഭാവത്തിൽ 32,700 രൂപ തടസ്സത്തിൽ വെക്കുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-24 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ( ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ( ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവു കളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ | സെക്രട്ടറി | 3,50,000 | - |
| 2 | റിജക്റ്റഡ് വെയ്സ്റ്റ് നീക്കം ചെയ്യൽ - ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ | വി. ഇ. ഒ | 2,71,990 | 2,30,500 |
| 3 | ഹരിത കർമ്മസേന വാഹന വാടക | വി. ഇ. ഒ | 75,000 | 32,975 |
| 4 | സ്മാർട്ട് ഗാർബേജ് | വി. ഇ. ഒ | 2,07,980 | 1,42,900 |

| | | | | |
|---|---|---|---|---|
| | മോണിറ്ററിംഗ് സിസ്റ്റം | | | |

മേൽ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിയതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) അജൈവ മാലിന്യം ശേഖരിക്കൽ , കയറ്റി അയയ്ക്കൽ - അപാകതകൾ

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുമായി കരാർ വെച്ച സ്ഥാപനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | കരാർ നമ്പർ, തീയതി | നിരക്ക് / കി. ഗ്രാം ( രൂപയിൽ ) |
|---|---|---|
| ക്ലീൻ കേരള കമ്പനി | 16/2020 തീയതി 2.11.2020 | 11.80 |

അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ഗ്രാമ പഞ്ചായത്ത് ഉണ്ടാക്കിയ കരാറിൽ കാലാവധി പ്രതിപാദിക്കുന്നില്ല. മാത്രമല്ല നിരക്കും താരതമ്യേന വളരെ കൂടുതലാണ്.

2022 വർഷം കോഴിക്കോട് ജില്ലയിലെ ചില ഗ്രാമ പഞ്ചായത്തുകളിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി കരാർ വെച്ച സ്ഥാപനങ്ങളുടെ വിവരവും അവർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | കരാർ വെച്ച സ്ഥാപനം | കരാർ തീയതി | നിരക്ക് / കി. ഗ്രാം (രൂപയിൽ) |
|---|---|---|---|---|
| 1 | കാക്കൂർ | കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് | 4.5.2022 | 6.00 |
| 2 | അത്തോളി | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി, വെസ്റ്റ്ഹിൽ, കോഴിക്കോട് | 17.6.2022 | 6.50 |
| 3 | കുറ്റ്യാടി | സൗത്ത് സൈഡ് റിസോഴ്സ് മാനേജ്മെന്റ് LLP | 20.1.2022 | 7.00 |

മേൽ പട്ടികയിൽ നിന്നും മരുതോങ്കര ഗ്രാമപഞ്ചായത്തിൽ നിലവിൽ ക്ലീൻ കേരള കമ്പനിക്ക് നൽകിക്കൊണ്ടിരിക്കുന്ന നിരക്ക് വളരെ കൂടുതൽ ആണെന്ന് കാണാവുന്നതാണ്. മറ്റു ഗ്രാമപഞ്ചായത്തുകൾ

നൽകിക്കൊണ്ടിരിക്കുന്നതിന്റെ ഇരട്ടി നിരക്കാണ് നിലവിൽ മരുതോങ്കര ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

കരാർ വെച്ച ക്ലീൻ കേരള കമ്പനി വഴി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നും കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| മാലിന്യം കയറ്റി അയച്ച തീയതി | കൊണ്ടുപോയ സ്ഥാപനം | തൂക്കം (കി.ഗ്രാം) | ഇനം |
|---|---|---|---|
| 24.4.2021 മുതൽ 6.5.2021 വരെ | ക്ലീൻ കേരള കമ്പനി | 23,740 | തരം തിരിക്കാത്തവ |

അജൈവ മാലിന്യങ്ങൾ കൊണ്ടുപോയതിന് ക്ലീൻ കേരള കമ്പനി താഴെപ്പറയും പ്രകാരം ഗ്രാമ പഞ്ചായത്തിനോട് തുക ആവശ്യപ്പെട്ടിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ, തീയതി | മാലിന്യത്തിന്റെ തൂക്കം ( കി. ഗ്രാം ) | നിരക്ക് (കി.ഗ്രാം) | നൽകേണ്ട തുക |
|---|---|---|---|
| D22/SER 21-22/273 തീയതി 8.10.2021 | 23,050 | 11.80 | 2,71,990 |

ആയതു പ്രകാരം ഗ്രാമ പഞ്ചായത്ത് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| കൊണ്ടു പോയ സ്ഥാപനം | ആകെ തൂക്കം ( കി. ഗ്രാം ) | നിരക്ക് (കി. ഗ്രാം ) | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|
| ക്ലീൻ കേരള കമ്പനി | 23,050 | 11.80 | 2,71,990 | 2,30,500 |

മാലിന്യം കയറ്റി അയച്ചതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ നിന്ന് തൂക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് കരാർ എടുത്ത ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിൽ സ്വന്തം ഉത്തരവാദിത്തത്തിൽ മാലിന്യ സംസ്കരണം നടത്തുമെന്ന് ക്ലീൻ കേരള കമ്പനി പറയുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ ഈ സ്ഥാപനത്തിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

2) ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തന

മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. അതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

ഗ്രാമ പഞ്ചായത്തിൽ 2018 - ൽ 28 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് രൂപീകരിച്ചിട്ടുള്ളത്. ഈ 28 പേർ നിലവിലും ഹരിത കർമ്മസേനയിൽ പ്രവർത്തിച്ചു വരുന്നു. ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് എല്ലാ ചെലവുകളും നടത്താൻ കഴിയുന്നുണ്ട്.

ഹരിതകർമ്മ സേനയ്ക്ക് വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം നടത്തുന്നതിന് അനിവാര്യമായ വാഹന സൗകര്യം ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് രൂപീകരിച്ചെങ്കിലും അത് നടപ്പാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഈ പ്രോജക്ട് നടപ്പിലാക്കി ഹരിതകർമ്മ സേനയ്ക്ക് അടിയന്തിരമായി വാഹന സൗകര്യം ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്. ആയതിനായി നടപടികൾ സ്വീകരിക്കേണ്ടതും മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

മാലിന്യം നീക്കം ചെയ്യുന്നതിലെ പോരായ്മകൾ, മറ്റ് അപാകതകൾ എന്നിവക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 4/2021-22 തീയതി 4.2.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

1-25 പൊതുമരാമത്തു മേഖലയിൽ സ്പിൽ ഓവർ പ്രവൃത്തികൾ കൂടുന്നു

പൊതുമരാമത്ത് മേഖലയിൽ പദ്ധതിവർഷം 64 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 32 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. അതായത് അംഗീകാരം ലഭിച്ചതിൽ പകുതിയും സ്പിൽ ഓവർ ഇനത്തിലുള്ളതാണ്. നടപടി ക്രമങ്ങൾ പാലിച്ച് കൃത്യ സമയത്ത് പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ചയാണ് ഇതിന് കാരണമാകുന്നത്. പുതിയ പദ്ധതികളിൽ 13 എണ്ണത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഈ പദ്ധതികൾക്ക് എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പിന്നോക്ക മലയോര മേഖലയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സൗകര്യ വികസന മേഖല വളരെയേറെ മുന്നേറേണ്ടതുണ്ട്. തുടർച്ചയായ വർഷങ്ങളിൽ ഈ മേഖലയ്ക്ക് വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുന്നത് മേഖലയുടെ വികസനത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ഇത് തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനം നടത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനട്സ്, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് എന്നീ കമ്മിറ്റികളുടെ മിനട്സ് പരിശോധിച്ചതിൽ സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാകാത്തതിനാൽ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം സംബന്ധിച്ച് പരിശോധന നടത്തി പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതായി കാണുന്നില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/21-22/8.2.23) മറുപടി നൽകിയിട്ടില്ല. ഓരോ വർഷത്തേയും പദ്ധതികൾ അതാത് വർഷങ്ങളിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വകരിച്ച് അറിയിക്കേണ്ടതാണ്.

## 1-26 റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെ റോഡ് അറ്റകുറ്റ പ്രവർത്തികൾ നടത്തുന്നു

റോഡുകളുടെ അറ്റകുറ്റ പ്രവൃത്തികളുടെ കാര്യത്തിൽ റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെയാണ് പദ്ധതി വർഷം പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിന് വേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ.(കൈ) നം.11/2018 തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-7 ൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല.

പദ്ധതി വർഷം 31 റോഡ് പ്രവൃത്തികളാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ചെയ്തിരിക്കുന്നത്. ഇതിൽ മിക്ക പ്രവൃത്തികളുടെ എസ്റ്റിമേറ്റിലും റോഡ് മൊത്തമായി പൊളിച്ച് മാറ്റുന്നതിനുള്ള ഇനം (Scarifying The Existing Bituminous Road) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ചെലവേറിയ ഇനമായതുകൊണ്ട് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നതായി കാണാം. സമയബന്ധിതമായി റോഡുകൾ മെയിന്റനൻസ് ചെയ്തിരുന്നെങ്കിൽ ഈ നഷ്ടം ഒഴിവാക്കാമായിരുന്നു. മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന ഗ്രാമ പഞ്ചായത്തിലെ റോഡുകൾ ഓരോ വർഷകാലം കഴിയുമ്പോഴും മലവെള്ളപ്പാച്ചിൽ കാരണം ഭാഗികമായി തകരുന്നതു കണക്കിലെടുത്ത് കൃത്യമായ ഇടവേളകളിൽ റോഡ് അറ്റകുറ്റപ്പണികൾ നടക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതി വർഷം ഇതിനുള്ള ശ്രമം നടന്നിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം - 12/21-22/8.2.23) മറുപടി സമർപ്പിച്ചിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം വെറ്റിനറി

സർജൻ, ക്ഷീര വികസന ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ താഴെ പറയുന്ന പദ്ധതികൾ വനിതകൾക്കായി നടപ്പാക്കിയിട്ടുണ്ട്.

| ക്രമനം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 1 | പെണ്ണാട് വിതരണം Sc | 156000 |
| 2 | പെണ്ണാട് വിതരണം | 600000 |
| 3 | പശു ഗ്രാമം | 720000 |
| 4 | പാലിന് സബ്സിഡി | 150000 |

മേൽസൂചിപ്പിച്ച പദ്ധതികൾ ജനറൽ പദ്ധതികളായി നടപ്പാക്കാവുന്നവയാണ്. മാർഗ്ഗരേഖ ഖ 6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം - 9/21-22/8.2.23) മറുപടി നൽകിയിട്ടില്ല. വനിതകളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റിനോടൊപ്പം പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ച. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 207728 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 207728 |
| | 2021-22 | 63127 | കാലിത്തീറ്റ സബ്ഡിസി | 63127 |
| | 2021-22 | 35000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 35000 |
| | 2021-22 | 100000 | പെയിൻ & പാലിയേറ്റീവ് | 100000 |
| | 2021-22 | 310100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 310100 |
| | 2021-22 | 42469 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 42469 |
| | 2021-22 | 140000 | പാലിന് സബ്സിഡി (വനിത) | 140000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1203610 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 1203610 |
| | 2021-22 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 |
| | 2021-22 | 42000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 42000 |
| | 2021-22 | 287300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 287300 |
| | 2021-22 | 180000 | പശുഗ്രാമം വനിത | 180000 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | സ.ഉ (എം.എസ്) 67/2018 ത.സ്വ.ഭ.വ തീയതി- 18/05/2018 | -- | 12997333 | 1173333 | -- | 11824000 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,54,854 |
| തൻവർഷം നിക്ഷേപിച്ച തുക | 28141 |
| ആകെ | 282995 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 282995 |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് ബാങ്ക്, മുള്ളൻകുന്ന് | | | 282995 |
| ആകെ | | | | 282995 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 ചെലവ് | 32 | 2003-04 | 11.13.1.4 | ബുക്ക് ബൈൻഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല | തടസ്സം തുടരുന്നു |
| 1998-99 | മറ്റ് പരാമർശം | 2003-04 | 11.14 | നാളീകേര കോംപ്ലക്സ് നിർമ്മാണം | തടസ്സം തുടരുന്നു |
| 1999-2000 | മറ്റ് പരാമർശം | 2003-0 | 11.14 | സാധുക്കളുടെ വീട് ഓട് മേയൽ | തടസ്സം തുടരുന്നു |
| 2001-02 | 12 | 2003-04 | 11.13.1.2 | നാളീകേര കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചില്ല | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75062276 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79194793 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1820942 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 2,48,242 | ശ്രീമതി. നീതു വർഗ്ഗീസ്,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-22 | 15,40,000 | ശ്രീ. മനോജ് വി. കെ,വി.ഇ.ഒ |
| 1-23 | 32,700 | ശ്രീ. അനിൽ കുമാർ,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| | 18,20,942 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നീതു വർഗ്ഗീസ്,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,<br>ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | ഒളയാനാനിക്കൽ, ചമൽ പി. ഒ, താമരശ്ശേരി, കോഴിക്കോട് ജില്ല - 673573 |
| ശ്രീ. മനോജ് വി.കെ, വി.ഇ.ഒ | വി.ഇ.ഒ, മരുതോങ്കര ഗ്രാമപഞ്ചായത്ത് | വണ്ണാർകണ്ടി ഹൗസ്,<br>കാരയാട് പി. ഒ, മേപ്പയൂർ |
| ശ്രീ. അനിൽ കുമാർ,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, മരുതോങ്കര ഗ്രാമപഞ്ചായത്ത് | തയ്യുള്ളതിൽ, അടയ്ക്കാത്തെരു, വടകര പി. ഒ, കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 ചെലവ് | കെ.എസ്.എ.കെ.കെ. ഡി.പി7/766/22(1) തീ-22.10.2022 | 4 | 19,30,32,35 |
| 1999-00 | കെ.എസ്.എ.കെ.കെ. ഡി.പി7/766/22(3) തീ-22.10.2022 | 2 | 28,32 |
| 2000-01 പ്ലാൻ | എൽ എഫ് കെ കെ ഡി/എസ്2 /1181/03 തീ. 01.09.2005 | 2 | 3-2,3-4 |
| 2001-02 ഡി.സി.ബി. | കെ.എസ്.എ.കെ.കെ.ഡി.പി7/766 /22(5) തീ-22.10.2022 | 3 | 3-2,3-3,4-1 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി7/766 /22(6) തീ-22.10.2022 | 1 | 2-1(3,4) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി7/766 /22(10) തീ-22.10.2022 | 3 | 3-7(2), 3-14, 3-15 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി7/766 /22(13) തീ-22.10.2022 | 1 | 3-1(എ, ബി) |
| 2010-11 & 11-12 | കെ.എസ്.എ.കെ.കെ.ഡി.പി7/766 /22(14) തീ-22.10.2022 | 2 | 3-12, 3-19 |
| 2012-13 & 13-14 | കെ.എസ്.എ.കെ.കെ.ഡി.പി7/766 /22(15) തീ-22.10.2022 | 1 | 3-3 |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/766 /22(16) തീ-22.10.2022 | 17 | 2-2, 2-3 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി7/766/2022(17) തി- 22.10.2022 | 6 | 3-1,3-2,3-3,3-4, 3-5,3-6 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/766 /22(18) തീ-22.10.2022 | 3 | 2-3(5), 3-1-(1), 3-2 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി10/766/20202(19)തീ-22.10.22s | 5 | 1-12(1), 3-4, 3-5, 3-8(1), 3-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി10/607/2020 തീ-27.08.2020 | 8 | 1-6, 1-11, 1-13, 1-16, 1-20, 1-21, 1-22, 1-23 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/ പി7/555/2022 തീ-31.03.2022 | 28 | 1-1 മുതൽ 1-31 വരെ |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/ പി7/998/2022 തീ-18.06.2022 | | 1-1 മുതൽ 1-30 വരെ<br>3-1 മുതൽ 3-2 വരെ |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്